

# സമ്പൂർണ്ണകൃതികൾ: ഭാഗം VIII

കെ. ദാമോദരൻ



## 17. സ്വാതന്ത്ര്യസമരത്തിന്റെ ആരംഭം

# സമ്പൂർണ്ണകൃതികൾ: ഭാഗം VIII

**കെ. ദാമോദരൻ**

(മലയാളം: രാഷ്ട്രീയം, ചരിത്രം)

കെ. ദാമോദരൻ എഡിറ്റോറിയൽ കമ്മിറ്റി

- ആന്റണി തോമസ്
- സി. എൻ. ജയദേവൻ
- എം. പി. അച്യുതൻ
- ഐ. വി. ശശാങ്കൻ
- ഡോ. വള്ളിക്കാവ് മോഹൻദാസ്

© 2009–2020 Prabhatham Printing & Publishing Co. (P) Ltd., Trivandrum, owned by Communist Party of India, Trivandrum.

Printed editions published by Prabhatham Printing & Publishing Co. (P) Ltd.

First published in print media 2009.

The electronic versions are released under the provisions of Creative Commons Attribution By Share Alike license for free download and usage.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020. The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Cover: Mansu Hill Grand Monument, a picture of sculpture by Jennybento. The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ഉള്ളടക്കം

17 സ്വാതന്ത്ര്യസമരത്തിന്റെ ആരംഭം . . . . . . . . . . . 1

## 17

# സ്വാതന്ത്ര്യസമരത്തിന്റെ ആരംഭം

കേരളത്തിലെ ജനങ്ങൾ അടിമത്തത്തെ ഒരിക്കലും സ്വാഗതം ചെയ്തിട്ടില്ല. വിദേശികളുടെ ആക്രമണങ്ങൾക്കും കയ്യേറ്റങ്ങൾക്കും എതിരായി ആദ്യം മുതൽക്കുതന്നെ അവർ തങ്ങളുടെ ത്യാഗധീരതയേയും ആത്മവീര്യത്തേയും ഉയർത്തിപ്പിടിച്ചിട്ടുണ്ട്.

യൂറോപ്യൻ കച്ചവടക്കാർ ഇൻഡ്യയിലാദ്യമായി കേരളക്കരയിലാണ് കാലെടുത്തു കുത്തിയത് എന്നത് ശരിയാണ്. നാട്ടുവാഴി രാജാക്കന്മാർക്കിടയിലുണ്ടായിരുന്ന മത്സരങ്ങളെയും ദൗർബ്ബല്യങ്ങളെയും സമർത്ഥമായി ഉപയോഗപ്പെടുത്തിക്കൊണ്ടും നെറികെട്ടതും വഞ്ചനകൾ നിറഞ്ഞതുമായ മർദ്ദനങ്ങളും യുദ്ധങ്ങളും നടത്തിക്കൊണ്ടും അവർ കേരളത്തെ കീഴടക്കിയെന്നതും ശരിയാണ്. പക്ഷേ, ഇൻഡ്യയിൽ നിന്നു ബ്രിട്ടീഷ് ഭരണത്തെ ആട്ടിപ്പായിക്കാൻ വേണ്ടിയുള്ള ആദ്യത്തെ സ്വാതന്ത്ര്യസമരങ്ങളിൽ ചിലത് പൊട്ടിപ്പുറപ്പെട്ടതും കേരളക്കരയിൽത്തന്നെയാണ്.

ക്രിസ്താബ്ദം 1792-ലാണ് മലബാർ ബ്രിട്ടീഷുകാരുടെ അധീനത്തിലായത്. അപ്പോഴേയ്ക്കും മിക്ക രാജാക്കന്മാരും ബ്രിട്ടീഷ് ആധിപത്യം അംഗീകരിച്ചു കഴിഞ്ഞിരുന്നു. പക്ഷേ, പഴശ്ശിരാജാവ് എന്ന പേരിലറിയപ്പെടുന്ന കോട്ടയത്തെ കേരളവർമ്മ രാജാവുമാത്രം കീഴടങ്ങാൻ കൂട്ടാക്കിയില്ല. കോട്ടയത്തുനിന്നു നികുതികൾ പിരിച്ചു കൊണ്ടുപോകുന്നതിനെ അദ്ദേഹം എതിർത്തു. തന്റെ രാജ്യത്തിൽ ഭരണം നടത്താൻ തനിക്കു മാത്രമാണ് അധികാരം എന്ന് അദ്ദേഹം ഉറപ്പിച്ചു പറഞ്ഞു. ഒടുവിൽ ബ്രിട്ടീഷുകാർ പഴശ്ശിരാജാവിനെതിരായി യുദ്ധം പ്രഖ്യാപിക്കുകയും അദ്ദേഹത്തിന്റെ കൊട്ടാരം വളഞ്ഞ് വിലപിടിച്ച സ്വത്തുക്കൾ കൊള്ളയടിച്ചു കൊണ്ടുപോകുകയും ചെയ്തു. രാജാവ് പിടികൊടുക്കാതെ വയനാട്ടിൽ പോയി രക്ഷപ്പെട്ടു. വയനാട് തന്റെ കീഴിലാണ് എന്ന് ടിപ്പുസുൽത്താനും. അതല്ലാ, തങ്ങളുടെ കീഴിലാണ് എന്ന് ബ്രിട്ടീഷുകാരും അവകാശവാദം പുറപ്പെടുവിച്ചുകൊണ്ടിരുന്ന കാലമായിരുന്നു അത്. 1799-ൽ ടിപ്പുസുൽത്താന്റെ പതനത്തിനുശേഷം വയനാട് ഔപചാരികമായി ബ്രിട്ടീഷ് മലബാറിനോടു കൂട്ടിചേർക്കപ്പെട്ടു. പക്ഷേ, പഴശ്ശിരാജാവ് വിട്ടുകൊടുത്തില്ല. എല്ലാ ശക്തിയുമുപയോഗിച്ച് അദ്ദേഹം ബ്രിട്ടീഷുകാരെ നേരിട്ടു. ബ്രിട്ടീഷ് ഗവൺമെൻറ് കേണൽ വെല്ലസ്ലി (ഡ്യൂക്ക് ഓഫ് വെല്ലിംഗ്ടൺ) എന്ന വിദഗ്ധനായ ‘സേനാനായകന്റെ നേതൃത്വത്തിൽ അനേകം “കമ്പനികൾ” അടങ്ങിയ വലിയൊരു സൈന്യത്തെ വിനിയോഗിച്ചു. നായന്മാരും മാപ്പിളമാരും ടിപ്പു സുൽത്താന്റെ പട്ടാളത്തിലുണ്ടായിരുന്ന മുസൽമാന്മാരും അടങ്ങിയ വലിയൊരു ശക്തി പഴശ്ശിരാജാവിന്റെ കീഴിലുമുണ്ടായിരുന്നു എന്ന് പിന്നീട് മലബാർ കളക്ടറായ വില്യം ലോഗൻ രേഖപ്പെടുത്തുന്നു. തെക്കുകിഴക്കൻ വയനാട്ടിലെ പണക്കാരായ ചെട്ടികളും ഗൌണ്ടന്മാരും പഴശ്ശിയെ സജീവമായി സഹായിച്ചുവെന്ന് യുദ്ധത്തിനു പ്രധാനമായ ഒരു പങ്കു വഹിച്ച ടി.എച്ച്. ബേബർ എന്ന ബ്രിട്ടീഷ് ഉദ്യോഗസ്ഥൻ ചൂണ്ടിക്കാണിക്കുന്നു. എന്നാൽ, ഏറ്റവും പ്രധാനമായ ശക്തി ഭൂരിപക്ഷക്കാരായ നാട്ടുകാരുടെ പിൻതുണയായിരുന്നു. ഹിന്ദുക്കളെന്നോ, മുസ്ലീമിങ്ങളെന്നോ, കുറിച്ചിയരെന്നോ വ്യത്യാസമില്ലാതെ ആയിരക്കണക്കിലുള്ള ജനങ്ങൾ എത്ര വലിയ ത്യാഗത്തിനും തയ്യാറായിക്കൊണ്ട് രാജാവിന്റെ പിന്നിൽ അണിനിരന്നു. ഒരു ഭാഗത്ത് ജനങ്ങളുടെ അടങ്ങാത്ത സ്വാതന്ത്ര്യബോധം, മറുഭാഗത്ത് വിദേശീയരുടെ മൃഗീയമായ പട്ടാളശക്തിയും അവർക്കൊത്തു നിന്ന ഒരുപിടി രാജ്യദ്രോഹികളും. 1799-ൽ ആരംഭിച്ച യുദ്ധം 1805 വരെ തുടർച്ചയായി ആറു കൊല്ലത്തോളം കാലം നീണ്ടുനിന്നു. ബ്രിട്ടീഷുകാരുടെ ആയുധബലവും സൈന്യശക്തിയും, എത്രയോ അധികം പരിഷ്കൃതമായിരുന്നു. ശത്രുക്കളാൽ വലയം ചെയ്യപ്പെട്ട പഴശ്ശിരാജാവിനും അനുയായികൾക്കും ഒടുവിലായപ്പോൾ ഭക്ഷണത്തിനുപോലും ബുദ്ധിമുട്ടുകൾ നേരിട്ടു. എന്നിട്ടും ആ വീരദേശാഭിമാനികൾ മരണത്തെ കൂട്ടാക്കാതെ പോരാടി. ഒടുവിൽ 1805 നവംബർ 30-ാം തീയതി നേരിട്ടുള്ള ഒരേറ്റു മുട്ടലിൽ പഴശ്ശിരാജാവ് മൃതിയടഞ്ഞു. ഏറെക്കഴിയുന്നതിനുമുമ്പ് യുദ്ധമവസാനിക്കുകയും ചെയ്തു.

പഴശ്ശിരാജാവും അദ്ദേഹത്തിന്റെ ധീരന്മാരായ കൂട്ടുകാരും യുദ്ധത്തിൽ പരാജയപ്പെട്ടുവെന്നത് ശരിതന്നെ. പക്ഷേ, മറ്റു മിക്ക രാജാക്കന്മാരും കീഴടങ്ങിയതിനുശേഷവും, ശത്രുവിന്റെ മുമ്പിൽ തല കുനിക്കുവാൻ കൂട്ടാക്കാതെ, പലപ്പോഴും അത്യാവശ്യമായ ഭക്ഷണം പോലുമില്ലാതെ വനാന്തരങ്ങളിൽ കഴിച്ചുകൂട്ടിക്കൊണ്ട്, ബ്രിട്ടീഷ് ഭരണത്തിനെതിരായി അദ്ദേഹം സംഘടിപ്പിച്ച ചെറുത്തുനിൽപ്പുസമരങ്ങളും ഗൊറില്ലാ യുദ്ധങ്ങളും കേരളത്തിന്റെ ചരിത്രത്തിൽ എന്നെന്നും മായാതെ കിടക്കുന്നതായിരിക്കും.

പഴശ്ശിയുടെ പതനത്തിനുശേഷവും കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ ബ്രിട്ടീഷുകാർക്കെതിരായ സമരങ്ങൾ തുടരുകയുണ്ടായി. 1805 മുതൽ 1809 വരെ, തുടർച്ചയായി നാലുകൊല്ലം, തിരുവിതാംകൂറിലെ വേലുത്തമ്പി ദളവാ നടത്തിയ ധീരോദാത്തസമരത്തെപ്പറ്റി മറ്റൊരു അദ്ധ്യായത്തിൽ വിസ്തരിച്ചു പ്രതിപാദിക്കുന്നുണ്ട്. ഒരു മാസത്തോളം നീണ്ടു നിന്നതും “നായന്മാരുടെ ലഹള” എന്ന പേരിലറിയപ്പെടുന്നതുമായ ഒരു സംഘട്ടനം കൊച്ചിയിലുമുണ്ടായി. 1808 ഡിസംബർ 28-ാം തീയതി കൊച്ചിയിലെ ബ്രിട്ടീഷ് റസിഡൻറ് കേണൽ മെക്കാളേയ്ക്കെതിരായ ഒരാക്രമണത്തോടുകൂടിയാണ് അതാരംഭിച്ചത്. 1809 ജനുവരി 19-ാം നു മൂവായിരത്തോളം വരുന്ന ജനങ്ങൾ മൂന്ന് ഡിവിഷനുകളായി പിരിഞ്ഞ് കൊച്ചിപ്പട്ടണത്തെ വീണ്ടും ആക്രമിക്കുകയും മേജർ ഹെവിറ്റിന്റെ നേതൃത്വത്തിലുള്ള ബ്രിട്ടീഷ് പട്ടാളത്തോട് ഏറ്റുമുട്ടുകയും ചെയ്തു. “ലഹളക്കാർ ദൃഢതയോടുകൂടി പല പ്രാവശ്യവും ആക്രമണം നടത്തി. പക്ഷേ, ആ ആക്രമണങ്ങളെല്ലാം വലിയ ധീരതയോടെ, ചെറുക്കപ്പെട്ടു. മുന്നൂറ് ലഹളക്കാർ യുദ്ധത്തിൽ മരിച്ചു. ധീരന്മാരായ നമ്മുടെ യോദ്ധാക്കൾക്കും വമ്പിച്ച നഷ്ടങ്ങൾ ഉണ്ടായി” എന്നാണ് ഈ ഏറ്റുമുട്ടലിനെപ്പറ്റി ലോഗൻ സായ്പു രേഖപ്പെടുത്തിവച്ചിട്ടുള്ളത്.

പക്ഷേ, അതോടെ യുദ്ധമവസാനിച്ചില്ല. ജനുവരി 25-ാം തീയതി വീണ്ടും ഒരാക്രമണമുണ്ടായി. അതോടെ കലാപം പൂർണ്ണമായും അടിച്ചമർത്തപ്പെട്ടു.

ഇങ്ങനെ, ഇൻഡ്യയുടെ ഒന്നാമത്തെ സ്വാതന്ത്ര്യസമരമെന്ന് ചരിത്രകാരന്മാർ വിളിക്കുന്ന 1857-ലെ ആ മഹത്തായ ദേശീയകലാപം പൊട്ടിപ്പുറപ്പെടുന്നതിന് അരനൂറ്റാണ്ടു മുമ്പുതന്നെ കേരളക്കരയിൽ—മലബാറിലും, കൊച്ചിയിലും തിരുവിതാംകൂറിലും—സ്വാതന്ത്ര്യസമരങ്ങൾ ആരംഭിച്ചു കഴിഞ്ഞിരുന്നു.

എന്നാൽ, നാട്ടുവാഴികളുടെ നേതൃത്വത്തിൽ നടന്ന ഈ സമരങ്ങളൊന്നും തന്നെ വിജയിക്കുകയുണ്ടായില്ല. കൂടുതൽ പരിഷ്ക്കരിച്ച ആയുധോപകരണങ്ങളുടേയും സൈന്യശക്തിയുടേയും സഹായത്തോടുകൂടി ബ്രിട്ടീഷുകാർക്ക് അവയെ നിർദ്ദയം അടിച്ചമർത്താനും അങ്ങിനെ ഇൻഡ്യയുടെ മറ്റു ഭാഗങ്ങളിലെന്നപോലെ കേരളത്തിലും തങ്ങളുടെ മേധാവിത്വമുറപ്പിക്കാനും സാധിച്ചു.

# കെ. ദാമോദരൻ



കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കേരളത്തിലെ സ്ഥാപകനേതാക്കളിൽ ഒരാളും മാർക്സിസ്റ്റ് സൈദ്ധാന്തികനും എഴുത്തുകാരനുമായിരുന്നു കെ. ദാമോദരൻ (ഫെബ്രുവരി 25, 1904–ജൂലൈ 3, 1976). മലപ്പുറം ജില്ലയിലെ തിരൂർ വില്ലേജിൽ പൊറ്റൂർ ദേശത്ത് കീഴേടത്ത് എന്ന സമ്പന്ന നായർ കുടുംബത്തിൽ കിഴക്കിനിയേടത്ത് തുപ്പൻ നമ്പൂതിരിയുടേയും കീഴേടത്ത് നാരായണി അമ്മയുടേയും മകനായാണ് ദാമോദരൻ ജനിച്ചത്. കേരള മാർക്സ് എന്നാണ് അദ്ദേഹം വിശേഷിപ്പിക്കപ്പെട്ടിരുന്നത്. 'പാട്ടബാക്കി' എന്ന നാടകരചനയിലൂടെയും അദ്ദേഹം പ്രശസ്തനായി. കോഴിക്കോട് സാമൂതിരി കോളേജിൽ വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ ദേശീയപ്രസ്ഥാനങ്ങളോട് ആകർഷിക്കപ്പെട്ടു. നിയമലംഘന പ്രസ്ഥാനത്തിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു.

കാശിവിദ്യാപീഠത്തിലെ പഠനകാലഘട്ടം മാർക്സിസ്റ്റ് ആശയങ്ങളോട് താൽപര്യം വർദ്ധിപ്പിച്ചു. തികഞ്ഞ കമ്മ്യൂണിസ്റ്റുകാരനായാണ് കേരളത്തിൽ തിരിച്ചെത്തിയത്. പൊന്നാനി ബീഡിതൊഴിലാളി പണിമുടക്കിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു. നവയുഗം വാരികയുടെ പത്രാധിപരായിരുന്നു. പാർട്ടി പിളർന്നപ്പോൾ സി. പി. ഐ.-യിൽ ഉറച്ചുനിന്നെങ്കിലും അവസാനകാലത്ത് പാർട്ടിയിൽ നിന്നും അകന്നു. ജവഹർലാൽ നെഹ്രു സർവ്വകലാശാലയിൽ ഇന്ത്യൻ കമ്മ്യൂണിസ്റ്റ് ചരിത്രം തയ്യാറാക്കാനുള്ള പഠനത്തിനിടെ 1976 ജൂലൈ 3-ന് അന്തരിച്ചു. പദ്മം ജീവിതപങ്കാളിയായിരുന്നു.

## പിൻകുറിപ്പ്

- സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകൾ വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക് ടോപ് ആപ്ലിക്കേഷനുകളോ ആവശ്യമില്ല. ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ടു് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.

### കെ ദാമോദരന്റെ സമ്പൂർണ്ണകൃതികൾ 8

### ഫോൺ പതിപ്പുകളുടെ കണ്ണികൾ


1. കേരളചരിത്രത്തിന്റെ തുടക്കം
2. കേരളത്തിലെ ശിലായുഗ മനുഷ്യർ
3. മഹാശിലാസംസ്കാരം
4. ഗോത്രസമുദായങ്ങൾ
5. സംഘംകൃതികൾ
6. ഗോത്രഭരണത്തിൽ നിന്ന് രാജവാഴ്ചയിലേക്ക്
7. മൂവരചരും ചിറ്ററചരും
8. സംഘംകൃതികളിലെ ചേരരാജാക്കൻമാർ
9. തൊഴിലും ജാതിയും
10. പ്രാചീനകേരളത്തിലെ കുടുംബബന്ധങ്ങൾ
11. സംഘംകൃതികളിലെ സാമൂഹ്യജീവിതം
12. മതവും ദൈവവും
13. പ്രാചീനകേരളത്തിലെ വ്യാപാരബന്ധങ്ങൾ
14. മലയാള ഭാഷയുടെ ഉത്ഭവം
15. ഫ്യൂഡലിസത്തിലേക്ക്
16. ചരിത്രപരമായ ഒരവലോകനം
17. സ്വാതന്ത്ര്യസമരത്തിന്റെ ആരംഭം
18. ബ്രിട്ടീഷ്ഭരണത്തിന്റെ അനിവാര്യഫലങ്ങൾ
19. കാൺഗ്രസ്സിന്റെ ഉത്ഭവവും വളർച്ചയും
20. മലബാർ ലഹള
21. നിസ്സഹകരണത്തിൽനിന്ന് നിയമലംഘനത്തിലേയ്ക്ക്
22. നിയമലംഘനപ്രസ്ഥാനം
23. ഗുരുവായൂർ സത്യാഗ്രഹം
24. വീണ്ടും നിയമലംഘനം
25. സ്വാതന്ത്ര്യസമരം പുതിയ ഘട്ടത്തിൽ
26. രണ്ടാം ലോകമഹായുദ്ധം
27. ആഗസ്റ്റ് സമരം
28. സ്വാതന്ത്ര്യത്തിലേയ്ക്ക്
29. ഐക്യകേരളം


### വെബ് പതിപ്പ കണ്ണികൾ


1. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 1
2. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 2
3. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 3
4. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 4
5. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 5
6. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 6
7. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 7
8. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 8